(ബി) ഏറ്റവും അത്യാഹിതമായനിലയിൽ സംഭവിച്ച ഈ കൃഷി നാശം ഗവണ്മെണ്ടിന്റെ അറിവിൽപ്പെട്ടു് എന്തുചെയ്യുഎന്നു് പറയുവാൻ ദയവുണ്ടാകുമോ;

(സി) ഗവണ്മെണ്ടിന്റെ അന്വേഷണത്തിൽ എത്രകണ്ടു് നാശം വന്നു എന്നു് കണക്കു കിട്ടിയിട്ടുണ്ടോ?

ചീഫ് മനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) തലപ്പിള്ളി താലൂക്കിൽ പൈങ്കുളം, കിള്ളിമംഗലം, ചേലക്കര പാമ്പാടി, പങ്ങാരപ്പിള്ളി, വടക്കാഞ്ചേരി എന്നീ സ്ഥലങ്ങളിൽനിന്നും നെല്ലിനു നീലവണ്ടു എന്ന കുമി ഉപദ്രവം ചെയ്യുന്നതായി അറിവുകിട്ടിയിട്ടുണ്ടു്.

(ബി) അറിവുകിട്ടിയുടൻ പുഴക്കേടുകൾക്കുവേണ്ട നിവാരണമാർഗ്ഗം ഉപദേശിക്കുകയും കർഷകരെക്കൊണ്ടു നടത്തിക്കയും ചെയ്തിട്ടുണ്ടു്.

(സി) ഉദ്ദേശം ൨൦൦ ഏക്കർസ്ഥലത്തു് നാശം സംഭവിച്ചതായി റിപ്പോർട്ടുണ്ടു്.

ശ്രീ. ഇട്ടിരഅമ്മുക്കൻ: നാശംസംഭവിച്ചുവെന്നു പറഞ്ഞതെന്താണു്?

ശ്രീ. ടി. കെ. നാരായണപിള്ള: നാശംസംഭവിച്ചു, കുമിയുടെ ഉപദ്രവം ഉണ്ടായി വിളനഷ്ടപ്പെട്ട എന്നാണു്.

ശ്രീ. സി. വി. ഇയ്യു: ഈ തീരുമാനിച്ചു എന്നു പറയുന്നതും നീലവണ്ടു് എന്നു പറയുന്നതും മന്ത്രിതന്നെയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ കൃഷിക്കു നാശമുണ്ടാക്കുന്നതു നീലവണ്ടാണെന്നറിയാം.

ശ്രീ. ഇട്ടിര അമ്മുക്കൻ: അതിനു നിവാരണമാർഗ്ഗങ്ങൾ എന്താണു്? ഡി. ഡി. ടി. എന്ന മരുന്നു ഉപയോഗിക്കുകയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഏതെല്ലാമാണെന്നു എനിക്കു നിശ്ചയമില്ല.

പഞ്ചായത്തിൻകീഴിലുള്ള പണികൾ

*൧൦൨൦. (൧൦) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പഞ്ചായത്തുവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) പഞ്ചായത്തിൻകീഴിൽ നടന്നുവരുന്ന പഞ്ചായത്തുപണികൾ അതാതു പഞ്ചായത്തിലെ അഭിപ്രായമനുസരിച്ചു് പണികളുടെ ബില്ലു് തീർത്തുകൊടുക്കുക എന്ന സമ്പ്രദായം ഇപ്പോൾഉണ്ടോ;

(ബി) പഞ്ചായത്തുകളുടെ അഭിപ്രായം അന്വേഷിച്ചിരുന്ന സമ്പ്രദായം തൃശ്ശൂർ ഡിസ്ട്രിക്ടിലെ പഞ്ചായത്തുകളിൽ നടപ്പുണ്ടായിരുന്നു എന്നു ഗവണ്മെണ്ടിലേക്കു് അറിവുണ്ടോ?

വ്യവസായവും എക്സൈസും തദ്ദേശസ്വയംഭരണവും വകുപ്പു് മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഉണ്ടു്.

(ബി) ഉണ്ടു്.

ചോദ്യം (൧൧) മുതൽ (൧൩) വരെ ചോദിച്ചില്ല.)

LIBRARY ARCHIVES Kerala Legislative Assembly